**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 775** **09-08-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമായിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | **കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ കെ എസ് ഇ ബി എൽ മുഖേന താഴെ പറയുന്ന പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാണ്.**<br>1. Ayanchery Naolom Korol<br>2. ആയഞ്ചേരി തെരുവ്<br>3. തീക്കുനി<br>4. അരൂർ<br>5. ചേരപുരം<br>6. കക്കട്ടിൽ ടൗൺ. |
| (ബി) | സംസ്ഥാനത്തു ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതു കാരണം പുതുതായി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പുതുതായി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നല്കി വരുന്നുണ്ട്.<br><br>ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കോപ്പറേറ്റീവ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡി ആയി നല്കി വരുന്നു.<br><br>ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾക്ക് സബ്സിഡി നല്കി വരുന്നു. DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് ₹ 20,000/- എന്ന നിരക്കിൽ 5 kW മുതൽ 50 kW വരെയുള്ളവയ്ക്ക് ഒരു ലക്ഷം മുതൽ പരമാവധി പത്ത് ലക്ഷം രൂപ വരെയാണ് സംസ്ഥാന സർക്കാർ സബ്സിഡിയായി നല്കി വരുന്നത് |

| | | | |
|---|---|---|---|
| (സി) | എങ്കിൽ കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പുതുതായി ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കെ എസ് ഇ ബി എൽ മുഖേന പുതിയ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.<br><br>അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലമുള്ള ഉണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ